(സി) പോലീസ് കസ്റ്റഡിയിൽ മൂന്നാംമുറ പ്രയോഗം ഉണ്ടാവുകയാണെങ്കിൽ ബന്ധപ്പെട്ട സർക്കിൾ ഇൻസ്പെക്ടർ, ഡി. വൈ. എസ്. പി. എന്നിവർക്ക് അതിന്റെ ഉത്തരവാദിത്വം നൽകുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) മൂന്നാംമുറ പ്രയോഗത്തിന്റെ പേരിൽ സംസ്ഥാനത്ത് എസ്. പി. മാരുടെയോ, ഡി. വൈ. എസ്. പി. മാരുടെയോ മേൽ നടപടി എടുത്തിട്ടില്ല.

(ബി) പോലീസ് കസ്റ്റഡിയിൽവച്ചുള്ള മൂന്നാംമുറ പ്രയോഗങ്ങൾ ഇല്ലാതാക്കുന്നതിനായി ഒരു സർക്കുലർ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ നമ്പർ 24/05 തീയതി 24-10-2005). ഇതനുസരിച്ച് പോലീസ് കസ്റ്റഡിയിൽ വച്ച് നടക്കുന്ന മൂന്നാംമുറ പ്രയോഗത്തിന്റെ ഉത്തരവാദിത്വം അതാത് പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കായിരിക്കും. കൂടാതെ അറസ്റ്റ് സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ പോലീസ് യൂണിറ്റ് ഓഫീസേഴ്സിനും അയച്ചുകൊടുത്തിട്ടുണ്ട്. ഇത് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഉന്നത പോലീസ് ഉദ്യോഗസ്ഥർ യൂണിറ്റുകളിൽ പരിശോധന നടത്തുന്നുണ്ട്.

(സി) 24-10-2005-ലെ പോലീസ് ഹെഡ്ക്വാർട്ടേഴ്സ് സർക്കുലർ നമ്പർ 24/05 പ്രകാരം കസ്റ്റഡിയിൽ വച്ചുണ്ടാകുന്ന മൂന്നാംമുറയുടെ ഉത്തരവാദിത്വം അതാത് എസ്. എച്ച്. ഒ.-യ്ക്കാണ്.

ലോക്കപ്പ് കൊലപാതകങ്ങളും മർദ്ദനങ്ങളും

67. [67] ശ്രീ. ടി. എം. ജേക്കബ് :

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ലോക്കപ്പ് കൊലപാതകങ്ങളും ലോക്കപ്പ് മർദ്ദനങ്ങളും ഉണ്ടായിട്ടുണ്ട്;

(ബി) കൊലചെയ്യപ്പെട്ടവരുടെയും മർദ്ദനം ഏറ്റവരുടെയും പേരും ഏത് പോലീസ് സ്റ്റേഷനിലാണ് സംഭവം നടന്നത് എന്നും വെളിപ്പെടുത്തുമോ;

(സി) ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) പ്രതികളായ പോലീസുകാരെ സഹായിക്കാൻ ഉയർന്ന ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്നതായി ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly